⇨ *ആ ദൃശ്യങ്ങൾ വീഡിയോയിൽ വീണ്ടും വീണ്ടും കാണുമ്പോൾ ആവേശം കൂടിക്കൂടി വരുന്നു* ⇨

# സർക്കാർ ഒപ്പമുണ്ട്, തോക്കും ലാത്തിയുമായി

ഓരോ മനുഷ്യനും അന്തസ്സോടെയും അഭിമാനത്തോടെയും ജനിച്ചുവളർന്ന മണ്ണിൽ സ്വന്തം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവകാശം ജനാധിപത്യത്തിൽ ഉണ്ടെന്നുള്ള വികസനവിരുദ്ധവാദങ്ങളൊന്നും ഐ.പി.എസ് അക്കാദമിയിൽ പഠിപ്പിക്കാത്തത് എത്ര നന്നായെന്ന് ഇപ്പോഴാണ് ബോധ്യം വരുന്നത്. അത്തരത്തിൽ ജനാധിപത്യ വ്യവസ്ഥയുടെ ഒരു തുണ്ടെങ്കിലും ഇവന്മാർ മനസ്സിലാക്കിയിരുന്നെങ്കിൽ വൈപ്പിൻ സമരക്കാരെ ഇതുപോലെ നേരിടാൻ പറ്റുമായിരുന്നോ?

**എസ്. നാരായണൻ**

**'നമുക്കൊരുമിച്ച്** മുന്നേറാം, സർക്കാർ ഒപ്പമുണ്ട്' എന്ന സർക്കാർ പരസ്യം റേഡിയോവിലൂടെയും ടി.വിയിലൂടെയും പത്രത്തിലൂടെയും നാഴികക്ക് നാൽപ്പത് വട്ടം അസമയത്തും അസ്ഥാനത്തും വിക്ഷേപിക്കുന്നത് പലർക്കും ചെടിപ്പുണ്ടാക്കുന്നുണ്ട് എന്ന് സർക്കാരിനറിയാം. സർക്കാരായ നോം അത് കാര്യമാക്കുന്നില്ല. സർക്കാർ യഥാർത്ഥത്തിൽ ആരുടെ ഒപ്പം എന്നു മാത്രം പരസ്യമായി ചോദിക്കരുത് എന്ന ഒറ്റക്കാര്യത്തിൽ മാത്രമേ സർക്കാരിന് വാശിയുള്ളൂ.

സർക്കാരിന്റെ നയം എന്താണെന്ന് ഒരു സംശയത്തിനും ഇടയില്ലാത്തവിധം സർക്കാരിന്റെ പോലീസ് മേധാവി പറഞ്ഞുകഴിഞ്ഞതാണ്. അയ്യായിരമോ ആറായിരമോ കീടങ്ങൾക്കുവേണ്ടി മൂന്നരക്കോടി ജനങ്ങളുടെ സൗകര്യങ്ങൾ ഇല്ലാതാക്കാൻ കഴിയില്ലെന്ന് ഡി.ജി.പി പറഞ്ഞതുതന്നെയാണ് സർക്കാരിനും പറയാനുള്ളത്. ഓരോ മനുഷ്യനും അന്തസ്സോടെയും അഭിമാനത്തോടെയും ജനിച്ചുവളർന്ന മണ്ണിൽ സ്വന്തം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവകാശം ജനാധിപത്യത്തിൽ ഉണ്ടെന്നുള്ള വികസനവിരുദ്ധവാദങ്ങളൊന്നും ഐ.പി.എസ് അക്കാദമിയിൽ പഠിപ്പിക്കാത്തത് എത്ര നന്നായെന്ന് ഇപ്പോഴാണ് ബോധ്യം വരുന്നത്. അത്തരത്തിൽ ജനാധിപത്യ വ്യവസ്ഥയുടെ ഒരു തുണ്ടെങ്കിലും ഇവന്മാർ മനസ്സിലാക്കിയിരുന്നെങ്കിൽ വൈപ്പിൻ സമരക്കാരെ ഇതുപോലെ നേരിടാൻ പറ്റുമായിരുന്നോ? എന്നാ പ്രകടനമായിരുന്നു! മൂന്ന് ദിവസം നിർത്താതെ പെയ്യുന്ന മഴ എന്നൊക്കെ പറയുന്നപോലെ മൂന്ന് ദിവസമല്ലേ തലങ്ങും വിലങ്ങും തല്ലിയത്. തല തല്ലിത്തകർത്തും കൈ തല്ലിയൊടിച്ചും നഗരത്തിലും ഗ്രാമത്തിലും നടത്തിയ കഠിനമായ ജോലി സംസ്ഥാന പോലീസിന്റെ കാര്യക്ഷമതയ്ക്ക് ഉത്തമ ഉദാഹരണമാണ്. ഇത്തരം ഒരു സംവിധാനം നമ്മുടെ കൂടെ എന്നുമുണ്ടെങ്കിൽ നമുക്ക് എന്തെല്ലാം നേടിയെടുക്കാൻ സാധിക്കില്ല തന്നെ! സ്ത്രീകളെന്നോ കുട്ടികളെന്നോ വൃദ്ധരെന്നോ നോക്കാതെ സകലതിനെയും നേരിട്ട ആ ദൃശ്യങ്ങൾ വീഡിയോയിൽ വീണ്ടും വീണ്ടും കാണുമ്പോൾ ആവേശം കൂടിക്കൂടി വരുന്നു. മകനെ തല്ലിക്കൊന്നവനെ പിടിക്കണമെന്നും പറഞ്ഞ് പോലീസ് ആസ്ഥാനത്തേക്ക് വന്ന അമ്മയെ ചവിട്ടിക്കൂട്ടുമ്പോഴും നമ്മുടെ പോലീസിന്റെ കയ്യോ കാലോ ഇടറിയില്ലല്ലോ. ഈ കരളുറപ്പാണ് നമുക്ക് വേണ്ടത്. ഇതെല്ലാം കൂടി ഓർക്കുമ്പോൾ ആവേശം അടങ്ങുന്നി

⇨ അതുകൊണ്ടാണ് നമുക്കൊരുമിച്ച് മുന്നേറാമെന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് ⇨



ല്ല. ആ മൈക്രോഫോൺ ഇങ്ങെടുത്തേ...

"വരിക വരിക സഹജരേ
സഹന സമര സമയമായ്
കരളുറച്ചു കൈകൾ കോർത്തു
കാൽനടക്കു പോക നാം..."

സ്വാതന്ത്ര്യസമരത്തിൽ അന്നത്തെ സമര സേനാനികൾ കാണിച്ച കരളുറപ്പ് ഭരണത്തിൽ എടുത്തുമാറ്റാനാകില്ല. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പരിമിതികൾ നാം കാണാതിരുന്നുകൂടാ. നേരിട്ട് ചെന്ന് അറ്റാക്ക് ചെയ്യുന്നതിൽ നമ്മൾ അത്ര പോരാ. നിലമ്പൂരിലെ മാവോയിസ്റ്റുകളെ, നേരിട്ടുള്ള യുദ്ധത്തിൽ നമ്മൾ വെടിവച്ചുകൊന്നു എന്ന് അവകാശപ്പെടാൻ ശ്രമിച്ചെങ്കിലും അത് നടന്നില്ല. ഉറങ്ങിക്കിടക്കുമ്പോഴാണ് വെടിവച്ചത് എന്നും അതുകൊണ്ടാണ് ബുള്ളറ്റിന് ഉന്നം തെറ്റാതിരുന്നത് എന്നുമൊക്കെയുള്ള കാര്യങ്ങൾ പിന്നീട് പുറത്തുവരാനിടയായി. അത് ലേശം അവമതിപ്പുണ്ടാക്കി. ഉറങ്ങിക്കിടന്നവരെയാണ് വെടിവച്ച് കൊന്നത് എന്ന ആരോപണം നിങ്ങളെ കുറച്ചൊക്കെ തളർത്തിയിട്ടുണ്ടെന്ന് അന്നേ സർക്കാരിന് ബോധ്യമായിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് സമ്മേളന വേദിയിൽ വന്ന് 'പോലീസുകാരുടെ മനോവീര്യം തകർക്കാൻ സർക്കാർ അനുവദിക്കില്ല' എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം നോം പ്രഖ്യാപിച്ചത്. സർക്കാർ നിങ്ങളെ തന്നെയാണ് ഈ യാത്രയിൽ ഒപ്പം കൂട്ടേണ്ടതെന്ന് അന്നേ തീരുമാനിച്ച് ഉറപ്പിച്ചിട്ടുണ്ട്. ഇന്നത്തെപ്പോലെ റേഡിയോവിലൊക്കെ പരസ്യം ചെയ്തില്ലെന്നേയുള്ളൂ.

രണ്ടാമത്തെ സംഭവം ശരിക്കും ആലോചിച്ച് നോക്കിയാൽ ആദ്യത്തേതിലും മോശമായിപ്പോയി. ഡി.ജി.പിയെക്കണ്ട് പരാതിപറയാൻ കൊല്ലപ്പെട്ട യുവാവിന്റെ അമ്മ നേരിട്ട് എത്തുന്നു എന്ന് കേട്ടപ്പോൾ നമ്മൾ സർക്കാർ വിചാരിച്ചു ആയിരക്കണക്കിന് തീവ്രവാദികളും ഭീകരന്മാരും ബോംബുമൊക്കെയായിട്ടായിരിക്കും വരുന്നതെന്ന്. അതിനനുസരിച്ച് സന്നാഹങ്ങളുമായി നമ്മളും നിലകൊണ്ടു. അമ്മയാണോ അച്ഛനാണോ എന്നൊന്നും നോക്കാതെ അവിടെ കണ്ടവരെയെല്ലാം നമ്മുടെ രീതിയിലങ്ങ് പെരുമാറി. കുറേയെണ്ണത്തിനെ പിടിച്ച് ജാമ്യമില്ലാക്കുറ്റം ചുമത്തി ജയിലിൽ ഇട്ടു. ബഹളമൊക്കെ അടങ്ങിയപ്പോഴല്ലേ മനസ്സിലാകുന്നത് കോഴിക്കോട് നിന്നും ട്രെയിൻ കയറി വന്ന അവർ അമ്മയും ബന്ധുക്കളും കൂട്ടുകാരും കൂടി കഷ്ടി ഒന്നര ഡസൺ ആളുകളേ ഉണ്ടായിരുന്നുള്ളൂ എന്ന്. നമ്മൾ തീവ്രവാദികൾ എന്ന് വിളിച്ചതൊക്കെ സംഭവം കണ്ടുനിന്നവരെയും വഴിയാത്രക്കാരെയുമാണ്. അവരെയൊക്കെയാണ് പിടിച്ച് അകത്തിട്ടത്. വലിയ നാണക്കേടില്ലാതെ അതിൽ നിന്നും ഊരിപ്പോരാനായത് ഭാഗ്യം കൊണ്ട് മാത്രമാണ്. അവിടെ മാദ്ധ്യമപ്രവർത്തകരോടും പൊതുപ്രവർത്തകരോടും കുരച്ചുചാടിയ മനോജ് എബ്രഹാമിന്റെ രീതി ജനാധിപത്യപരമല്ലെന്ന് (ദേ, വീണ്ടും ജനാധിപത്യം...) അഭിപ്രായമുയർന്നു. നമ്മൾ സർക്കാർ ആരുടെയൊപ്പമാണ് നിന്നത്? അവിടെ എന്തെങ്കിലും അനിഷ്ട സംഭവങ്ങളുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ ആളെ നിയോഗിക്കാമെന്ന് ചർച്ചയിൽ ഉറപ്പുകൊടുത്തു. എന്നിട്ട്, അവിടെ ജനങ്ങൾക്ക് ഏറ്റവും എതിർപ്പുള്ള മനോജ് എബ്രഹാമിനെ തന്നെ സംഭവം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ കൂടി നേതൃത്വത്തിൽ കാട്ടിക്കൂട്ടിയ വിക്രിയകൾ, അദ്ദേഹം തന്നെ അന്വേഷിച്ച്, അതെല്ലാം അത്യാവശ്യം നടപ്പാക്കേണ്ടതായ ക്രിയകളായിരുന്നെന്ന് റിപ്പോർട്ടെഴുതി, അദ്ദേഹം തന്നെ കയ്യൊപ്പ് വച്ച്, അദ്ദേഹം തന്നെ സർക്കാരിന് സമർപ്പിച്ചു. അദ്ദേഹത്തെ പൂർണ്ണ വിശ്വാസമായതിനാൽ സർക്കാർ അത് പൂർണ്ണമായി അംഗീകരിച്ചു. നമുക്ക് വോട്ടുചെയ്ത് അധികാരത്തിലേറ്റിയവരെ ഒന്നടങ്കം വെറുപ്പിച്ച സംഭവത്തിൽപ്പോലും സർക്കാർ പോലീസിന്റെ ഒപ്പം നിന്നു. അതുകൊണ്ടാണ് നമുക്കൊരുമിച്ച് മുന്നേറാമെന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്.

പുതുവൈപ്പിലാണ് നിങ്ങൾ ശരിക്കും പണിയെടുത്തത്. അടിച്ചുനിരത്തുന്നതിൽ കുഞ്ഞുകുട്ടി പരാധീനങ്ങളെപ്പോലും ഒഴിവാ

ക്കിയില്ല. അതും മൂന്ന് ദിവസം നിന്നുതല്ലി. അതിൽ എറണാകുളം ഡി.സി.പി യതീഷ്ച ന്ദ്ര എന്ന കൊച്ചനെ സമ്മതിക്കണം. ടി.വിയി ലൊക്കെ ആ കൊച്ചന്റെ പ്രകടനമാണ് നിറ ഞ്ഞുനിന്നത്. രണ്ട് പോലീസുകാർ ചേർന്ന് കൈയും കാലും പിടിച്ച് എടുത്തുകൊണ്ടു പോകുന്നയാളെപ്പോലും പിന്നാലെ നടന്ന് നിർത്താതെ തല്ലി. ഇതൊക്കെ ഡ്യൂട്ടിയിലു ള്ള നിഷ്കർഷയെയാണ് കാണിക്കുന്നത്. നിരായുധരും നിസ്സഹായരുമായ ജനതയെ ഒരു പ്രകോപനവുമില്ലാതെ വലിയ സേനാ ബലത്തിന്റെ പിന്തുണയോടെ തല്ലിച്ചതയ് ക്കുന്നത് ഭീരുത്വമാണ് എന്ന അപമാനം കൂ ടി ആ ചെറുപ്പക്കാരൻ സർക്കാരിന് വേണ്ടി ഏറ്റുവാങ്ങി. നിന്നെക്കുറിച്ച് സർക്കാർ അഭി മാനിക്കുന്നു, കുട്ടീ. നിനക്കെതിരെ നടപടി വേണമെന്ന് സഖ്യകക്ഷിയും സ്ഥലം എം. എൽ.എയും മന്ത്രിയും ഭരണപരിഷ്കാര ക മ്മീഷൻ എന്ന ശരശയ്യയിൽ കിടന്ന് വകയി ലൊരാളും പറഞ്ഞു. പക്ഷെ, ഒരു നടപടി യും നിനക്കെതിരെ ഉണ്ടാകില്ല. നിനക്ക് എ ന്തെങ്കിലും ചക്രം, പരമവീരയോ അധമവീര യോ അങ്ങനെ എന്തെങ്കിലും ഒന്ന് ഈ സർ ക്കാർ സംഘടിപ്പിച്ചു തരും. സർക്കാർ നിങ്ങ ളോടൊപ്പമാണ്. വീണ്ടും ഓർമ്മിപ്പിക്കട്ടെ, ന മുക്ക് ഒപ്പം മുന്നേറാം.

**പല പ്രതിഭകളേയും വേണ്ടത്ര മനസ്സിലാക്കാൻ പഴയ കാലത്ത് സാധിച്ചിട്ടില്ല. ആ തെറ്റുകളൊക്കെ ഓരോന്നായി തിരുത്തിക്കൊണ്ടിരിക്കുകയാണ്. ഉമ്മന്റെ കാലത്ത് നടന്ന 'ജിമ്മി'നെ എതിർത്തെങ്കിലും അവിടെ പേപ്പർ അവതരിപ്പിച്ച സാമ്പത്തിക വിദഗ്ധ ഗീതാ ഗോപിനാഥിനെ നമ്മൾ ഉപദേശക യാക്കി. പതിനൊന്നുകാരിയായ സിറാജുന്നീസയെ വെടിവച്ചു കൊന്നതിനെ കരിങ്കാലി ഭരണത്തിൽ വെള്ളപൂശിയ രമൺശ്രീവാസ്തവയേയും സർക്കാരിലേക്കെടുത്തു.**

മറ്റവന്മാർ ദുർഭരണം നടത്തിക്കൊണ്ടിരു ന്ന കാലത്ത് വടകരയിൽ എ.എസ്.പിയായി രുന്ന യതീഷ് ചന്ദ്ര, പാർട്ടി ഓഫീസ് തല്ലി പ്പൊളിച്ച് മുഴുവൻ റെക്കോഡുകളും പുറത്തി ട്ട് പോലീസുകാരെക്കൊണ്ട് കത്തിച്ചിട്ടുണ്ട് എന്ന് കൂടെക്കൂടിയ കക്ഷി (ഒപ്പമുള്ള കക്ഷി യല്ല) വിളിച്ചുപറയുന്നുണ്ട്. 'ഇങ്ങനെയൊരു പാർട്ടി ഇവിടെ വേണ്ട' എന്നു പറഞ്ഞിട്ടാണ ത്രേ രേഖകൾ കത്തിച്ചത്. കഴിഞ്ഞ ഗവൺ മെന്റിന്റെ കാലത്ത് അങ്കമാലിയിൽ വച്ച് പാർട്ടി അണികളെ തല്ലിച്ചതയ്ക്കുകയും ഏ രിയാ സെക്രട്ടറി ഷിബുസഖാവിന്റെ വൃഷ ണം തകർക്കുകയും ചെയ്തത് ഇതേ ഇ ന്ദ്രൻ, അല്ല, ചന്ദ്രനാണെന്നും അവർ ഓർമ്മി പ്പിക്കുന്നു. അന്ന് അങ്കമാലിയിൽ വന്ന് സഖാ ക്കളെ ആശുപത്രിയിൽ സന്ദർശിച്ച ശേഷം 'നിങ്ങൾക്ക് പോലീസിലെ ഗുണ്ടയെക്കാണ മെങ്കിൽ ആലുവയിലെ എസ്.പിയെ കണ്ടാൽ മതി' എന്ന് നോം പറഞ്ഞത് കൂടെക്കൂടിയ ക ക്ഷി പറഞ്ഞു നടക്കുകയാണ്. എപ്പോൾ പറ യണം എന്തു പറയണം അല്ലെങ്കിൽ എന്ത് പ റയാൻ പാടില്ല എന്നൊക്കെയുള്ള പ്രാഥമിക മര്യാദപോലും കാണിക്കാത്ത ഒരു കക്ഷിയെ കൂടെക്കൂട്ടിയിട്ട് എങ്ങനെയാണ് ഒപ്പം മുന്നേ റുക? അന്നു പറഞ്ഞത് അന്നത്തെ സാഹച ര്യത്തിലാണ്. ഇന്നത്തെ സാഹചര്യത്തിൽ എത്തിപ്പെട്ടപ്പോഴല്ലേ കാര്യങ്ങളുടെ ഗുട്ടൻസ് പിടികിട്ടുന്നത്. ഭരണം എന്നു പറഞ്ഞാൽ ആനപ്പുറത്ത് കയറിയുള്ള യാത്ര യാണ്. ഒറ്റയ്ക്കുള്ള യാത്ര. മുൻ പും ഭരണത്തിന്റെ കൂടെയൊക്കെ നടന്നിട്ടുണ്ട്. അത് പട്ടകൊടുക്കു ന്നതും കൊമ്പിൽ പിടിച്ചുനടക്കു ന്നതും തേച്ച് കുളിപ്പിക്കുന്നതും പോലെ മാത്രമേ തോന്നിയിട്ടു ള്ളൂ. ആനപ്പുറത്ത് ഇങ്ങനെ ഒറ്റ യ്ക്കിരുന്ന് യാത്ര ചെയ്യുക, ഇറ ങ്ങാനേ തോന്നില്ല. ഇവിടെ നിന്ന് ഇറങ്ങാതെ എങ്ങനെ യാത്ര തുട രാം എന്ന് ആലോചിക്കുമ്പോഴാ ണ് ആരെയാണ് ഒപ്പം കൂട്ടേണ്ടത് എന്നതിനെപ്പറ്റി വ്യക്തത വരുക. അപ്പോഴാണ് യതീഷ് ചന്ദ്രന്മാരായ വേന്ദ്ര ന്മാരുടെ വില മനസ്സിലാവുക. മറൈൻ ഡ്രൈ വിലെ ലാത്തിച്ചാർജ്ജ് കണ്ടുനിന്ന ഒരു ചെ റുപ്പക്കാരന്റെ മൊബൈൽ പിടിച്ചുവാങ്ങി യ തീഷ് വേന്ദ്രൻ പരിശോധിക്കുന്നത് ദൃശ്യങ്ങ ളിൽ കണ്ടു. 'ഷെയിം ഓൺ യു കേരള ഗ വൺമെന്റ്' എന്ന് മെസേജ് അയച്ചുകൊണ്ടി രിക്കുകയാണ് അയാൾ. 'നിന്നെ പഠിപ്പിച്ചുത രാമെടാ' എന്നു പറഞ്ഞ് ആ കശ്മലനെ അ പ്പോൾ തന്നെ കൈകാര്യം ചെയ്തു. ഗവൺ മെന്റിനോടുള്ള ഒരു ഉദ്യോഗസ്ഥന്റെ കൂറുക ണ്ട് കണ്ണുനിറഞ്ഞുപോയി. വടകരയും അങ്ക മാലിയുമെല്ലാം മറന്നുപോയി. ഉണ്ണുന്ന ചോ റിന് ഇത്ര വലിയ അളവിൽ നന്ദി കാണിക്കു ന്ന ഇനമാണെന്ന് അറിഞ്ഞില്ല, കുട്ടീ... ഏ തോ ഒരു സിനിമയിൽ ഭാഗവതരായ അച്ഛൻ മകന്റെ സംഗീതാഭിരുചി അപ്രതീക്ഷിതമായി മനസ്സിലാക്കിയപ്പോൾ ഗദ്ഗദകണ്ഠനായി ഇ ങ്ങനെ പറഞ്ഞ രംഗം മനോമുകുരത്തിൽ തെളിഞ്ഞു, 'അറിഞ്ഞില്ല, സരസ്വതീകടാക്ഷം

നിന്നിൽ ഇത്രത്തോളം ഉണ്ടെന്ന് അറിഞ്ഞില്ല, കുട്ടീ... നീ നന്നായി വരും...'

പല പ്രതിഭകളേയും വേണ്ടത്ര മനസ്സിലാക്കാൻ പഴയകാലത്ത് സാധിച്ചിട്ടില്ല. ആ തെറ്റുകളൊക്കെ ഓരോന്നായി തിരുത്തിക്കൊണ്ടിരിക്കുകയാണ്. ഉമ്മന്റെ കാലത്ത് നടന്ന 'ജിമ്മി'നെ എതിർത്തെങ്കിലും അവിടെ പേപ്പർ അവതരിപ്പിച്ച സാമ്പത്തിക വിദഗ്ധ ഗീതാ ഗോപിനാഥിനെ നമ്മൾ ഉപദേശകയാക്കി. പതിനൊന്നുകാരിയായ സിറാജുന്നീസയെ വെടിവച്ചുകൊന്നതിനെ കരിങ്കാലി ഭരണത്തിൽ വെള്ളപൂശിയ രമൺശ്രീവാസ്തവയേയും സർക്കാരിലേക്കെടുത്തു. അടിയന്തിരാവസ്ഥാക്കാലത്തെ ആ പേരുകൾ ഓർക്കുമ്പോൾ നാവിൽ വെള്ളമൂറുന്നു... അവരെക്കൂടി ഒപ്പം കിട്ടിയിരുന്നെങ്കിൽ! ലക്ഷ്മണ, പുലിക്കോടൻ, ജയറാം പടിക്കൽ...

ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ജനത്തിന് ഒരു കാലത്തും മനോവീര്യം ഉണ്ടായിക്കൂടാ. നമുക്ക് മാത്രമേ മനോവീര്യം പാടുള്ളൂ. മറ്റു സ്ഥലങ്ങളിലേതു പോലെയല്ല പുതുവൈപ്പ്. തിരകളോട് മല്ലിട്ട് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളാണ് അവിടെ ഭൂരിപക്ഷവും. ജന്മനാ മനോവീര്യം കൂടിയ വിഭാഗമാണ്. വേലിയേറ്റ മേഖലയിൽ നിന്നും 200 മീറ്റർ മാറി മാത്രമേ ഏതൊരു നിർമ്മാണ പ്രവർത്തിയും പാടുള്ളൂ എന്ന് നിയമമുണ്ടെന്ന് അറിയാവുന്ന അവർ, കടൽഭിത്തിക്ക് ഇപ്പുറത്തെ അവരുടെ വീടുകളിലിരുന്ന് കടൽഭിത്തിക്കും റോഡിനും അപ്പുറത്ത് കടലിൽ പണിതുയർത്തിയ ഐ.ഒ.സി പ്ലാന്റിന്റെ മതിലിൽ തിരമാലകൾ അടിച്ചുകൊണ്ടിരിക്കുന്നത് നിരന്തരം കണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് പോലീസുകാരുടെ മുട്ടിനോളം ഉയരമില്ലാത്ത കുട്ടികൾ പോലും ഒരു കൂസലുമില്ലാതെ പോലീസ് നിരയുടെ മുന്നിലൂടെ മുദ്രാവാക്യം വിളിച്ച് നീങ്ങുന്നത്. മൂന്ന് ദിവസം തല്ലിയാലൊന്നും അത് ഒതുങ്ങാൻ സാദ്ധ്യതയില്ല. ഇതുകൊണ്ടൊന്നും തങ്ങൾ തളരില്ലെന്നും സമരം തിരമാലകൾ പോലെ ഇനിയും വന്നുകൊണ്ടിരിക്കുമെന്നും ഒരു സമരനേതാവ് മാദ്ധ്യമങ്ങളോട് പറയുന്നത് കേട്ടു. കുറച്ചുകൂടി കരളുറപ്പും കുറേക്കൂടി വേന്ത്രത്തവും പുതുവൈപ്പിൽ വേണ്ടിവരും. സുനാമിക്കുപോലും തകർക്കാനാകാത്ത പുതുവൈപ്പ് ജനതയുടെ മനോവീര്യത്തിന് മുന്നിൽ നമുക്ക് മനോവീര്യം പകരാൻ എതാനും ലാത്തിക്കോലുകൾ മാത്രമാണുള്ളത് എന്നോർക്കണം. തോക്ക് അവിടെ പറ്റുമെന്ന് തോന്നുന്നില്ല. തോക്കിന് അങ്ങോട്ട് പോകുന്നതിന് അനുസരിച്ച് ഇങ്ങോട്ട് തള്ളലുണ്ട്. തോക്കിന്റെ റിയാക്ഷനെ പ്രതിരോധിക്കാൻ നല്ല കരളുറപ്പും നെഞ്ചുറപ്പും വേണം. അത്രയ്ക്ക് ഉറപ്പുണ്ടോ എന്ന് സ്വയം സംശയിക്കുന്നതുകൊണ്ടാണ് നോം യാത്രകളിൽ ബാഗിൽ തോക്കു കരുതാതെ ഉണ്ട മാത്രമായി സഞ്ചരിക്കുന്നത്. ബംഗാളിലെ നന്ദിഗ്രാമും സിംഗൂരുമൊക്കെ ആ തള്ളലിന്റെ ശക്തി നമ്മൾ അറിഞ്ഞതാണ്. അത് സുനാമിയേക്കാൾ മാരകമാണ്. അവിടുത്തെ തിരികെത്തള്ളലിൽ ഒലിച്ചുപോയ നമ്മുടെ ആളുകളെ പിന്നീട് ഒന്ന് കാണാൻ പോലും കിട്ടിയിട്ടില്ല. അതൊന്നുമോർത്ത് നിങ്ങൾ പേടിക്കണ്ട. നമ്മുടെ കൈയിൽ വേറെയും ആയുധങ്ങളുണ്ട്. നുണപ്രചരണവും കബളിപ്പിക്കലും വഴി നിർവീര്യമാകാത്ത ഒന്നുമില്ല. അക്കാര്യത്തിൽ ഈ സർക്കാരിനെ വെല്ലാൻ ആർക്കുമാകില്ല. പാർട്ടി സെക്രട്ടറിയൊക്കെ അത് വേണ്ടവിധത്തിൽ തുടങ്ങിക്കഴിഞ്ഞു. ഡി.ജി.പി ഓഫീസിന് മുന്നിലത്തെ മർദ്ദനത്തിൽ പ്രതിഷേധിച്ച് നിരാഹാരം കിടന്ന അമ്മയ്ക്കും മകൾക്കും എന്താണ് സംഭവിച്ചത്? ഒരു കടലാസുകഷ്ണം പോലും രേഖയായി കൊടുക്കാതെ നമ്മൾ അവരുമായി കരാറുണ്ടാക്കി നിരാഹാരം നിർത്തിച്ചു. സർക്കാരിനെ വിശ്വാസമില്ലാത്ത അവരുടെ മുന്നിൽ ഉദയഭാനു വക്കീലിനെ പോലുള്ള പൊതുസമ്മതരായ ആളുകളെ ഇറക്കി. നിരാഹാരം അതോടെ നിർത്തിക്കിട്ടിയപ്പോൾ നമ്മൾ പറഞ്ഞു, ഒരു കരാറുമില്ലെന്ന്. അമ്മയ്ക്കും കുടുംബത്തിനും മുന്നിൽ എല്ലാ മാർഗ്ഗങ്ങളും അടച്ചുകളഞ്ഞു. അതോടെ പൊതുകാര്യ പ്രസക്തരുടേയും സർവ്വസമ്മതരുടേയും കാറ്റും പോയിക്കിട്ടി. ഒരു വെടിക്ക് രണ്ട് പക്ഷി. ഇതാണ് ഈ സർക്കാരിന്റെ കളി. ഡി.ജി.പി ഓഫീസിന് മുന്നിൽ മഹിജയ്ക്ക് എതിരെ നടന്നതും യതീഷ് വേന്ത്രന്റെ വൈപ്പിൻ വിക്രിയകളും മാദ്ധ്യമങ്ങളിലൂടെ പച്ചയ്ക്ക് കണ്ടുകൊണ്ടിരുന്ന ജനത്തോട് നമ്മൾ പച്ചയ്ക്ക് പറഞ്ഞില്ലേ അവിടെ ഒന്നും നടന്നില്ലെന്ന്. അത് സ്ഥിരമായി പറഞ്ഞുകൊണ്ടിരുന്നാൽ ജനം അങ്കലാപ്പിലാകും. നമ്മൾ കണ്ണിന് മുന്നിൽ കണ്ടതൊന്നും ശരിയല്ലേ... ആകെ കൺഫ്യൂഷനാകും. പിന്നെയങ്ങ് മറന്നുപോകും. ഇവിടങ്ങളിലൊന്നും നിങ്ങൾ പോലീസുകാർക്കെതിരെ ഒരു നടപടിയും എടുക്കാതെ സംരക്ഷിക്കാൻ കഴിഞ്ഞത് വെറുതെയാണെന്നാണോ കരുതിയത്. അതിന് പിന്നിൽ സർക്കാരിന്റെ വലിയ അദ്ധ്വാനമുണ്ട്. നിങ്ങളുടെ കൂടെ സർക്കാരുണ്ട്. നിങ്ങൾക്കൊപ്പം ലാത്തിയുണ്ടായാൽ മതി.

മെട്രോ ഉദ്ഘാടനത്തിന് മോദിജി വരു



ന്നതിന്റെ തലേന്ന് വൈപ്പിൻകാരെ ചോര യിൽ കുളിപ്പിച്ചില്ലായിരുന്നെങ്കിൽ മോദിജി യുടെ മുഖത്ത് നോക്കാൻ പറ്റുമായിരുന്നോ? മോദിജിക്ക് പ്രത്യേക താത്പര്യമുള്ള പ്ലാന്റാ ണ് പുതുവൈപ്പിലേത്. മോദിജിക്ക് താത്പ ര്യം വരാൻ കാരണം അതിൽ അദാനിജിക്ക് താത്പര്യമുള്ളതുകൊണ്ടാണ്. അദാനിജിക്ക് താത്പര്യമുള്ളതിലൊക്കെ മോദിജിക്കും താ ത്പര്യമുണ്ട്. മെട്രോ ഉദ്ഘാടനം കഴിഞ്ഞ് മോദിജി അമേരിക്കയിലേക്ക് ട്രംമ്പ്ജിയെ ക്കാണാനാണ് പോയത്. മോദിജിയുടെ വീര ചരിതങ്ങളും അമ്പത്താറ് ഇഞ്ചും കണ്ട് പുള കിതനായ ട്രംമ്പ്ജി ഉടനെത്തെന്നെ ഇന്ത്യ യിലേക്ക് വരുമെന്ന് ഉറപ്പു തന്നെന്ന് മോദി ജി പറയുന്നു. ട്രംമ്പ്ജി, മോദിജി, നമ്മൾജി... കൊള്ളാം... ഇയെമ്മിന്റെ പ്രസംഗം പോലെ യുണ്ട്. ആദ്യം അന്തർദേശീയം, പിന്നെ ദേ ശീയം, അവസാനം പ്രാദേശികം. ഗ്രഹങ്ങൾ ഒരേ നേർരേഖയിൽ വരുന്ന, ജ്യോതിഷ ക്കാർ പഞ്ചമഹായോഗം എന്നൊക്കെ പറയു ന്നതുപോലെ ചരിത്രത്തിലെ അപൂർവ്വസമാ ഗമമാണ്. മൂന്നും ഒന്നിനൊന്ന് മെച്ചം!. ഈ അച്ചുതണ്ടിൽ ഇനിയാരും വേണ്ട. സാധിക്കു മെങ്കിൽ മോദിജി വഴി ട്രംമ്പ്ജിയെ കേരള ത്തിൽ ഒന്ന് കൊണ്ടുവരണം. ഇവിടുത്തെ ക ടലിലോ കായലിലോ ട്രംമ്പ്ജിയുടെ പോർ വിമാനങ്ങൾക്ക് എണ്ണയടിക്കാനുള്ള ഒരു താ വളമോ മറ്റോ ഒത്തുകിട്ടിയാൽ അതും ഒരു വികസനമാണ്. ആവശ്യമുള്ള സ്ഥലം മ തിൽകെട്ടി എടുത്തോട്ടെ. അതിനുള്ളിൽ എ ന്ത് സംഭവിക്കുന്നു എന്ന് നമ്മൾ ചോദിക്കി ല്ല. പടിക്ക് പുറത്ത് ഒരു കോഴിക്കടയോ സർ ബത്ത് കടയോ തുടങ്ങാനുള്ള അനുമതി ഉ ണ്ടായാൽ മതി.

പുതുവൈപ്പിൽ പ്ലാന്റ് വരുന്നതിനെതിരെ പ്രതിപക്ഷത്തിന്റെ ഭാഗത്ത് നിന്ന് ഒരു പ്രശ് നവും ഉണ്ടാകില്ല. അവിടുത്തെ ഏറ്റവും ഉന്ന തനായ അവരുടെ നേതാവാണ് പ്ലാന്റ് നിർ മ്മിക്കാനാവശ്യമായ ഇരുമ്പ് സാമഗ്രികൾ എ ത്തിക്കുന്നതിന്റെ കോൺട്രാക്ട് ഏറ്റെടുത്തി രിക്കുന്നത്. അദ്ദേഹത്തിന്റെ ഭാര്യയുടെ പേരി ലുള്ള സ്ഥാപനം കോടികളാണ് കൊയ്യുന്ന ത്. ജനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് വോട്ടുകൾ നേടി ജനപ്രതിനിധിയായ അദ്ദേ ഹം ഇപ്പോൾ ആ സ്ഥാനം ഉപയോഗിച്ച് കോടികളാണ് അക്കൗണ്ടിലേക്ക് മാറ്റുന്നത്. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ ഭാഗത്ത് നി ന്നുള്ള ഏത് പ്രതിഷേധത്തേയും അദ്ദേഹം എതിരിട്ട് ഇല്ലാതാക്കും. വാതകച്ചോർച്ചയു ണ്ടായി പ്ലാന്റിൽ നിന്ന് അപായ സൈറൺ മു ഴങ്ങിയാൽ എല്ലാവരും വീടുകളിൽ നിന്നും ഇറങ്ങി കാറ്റുവീശുന്ന ദിശയിൽ നിന്നും മാറി ഓടിരക്ഷപ്പെട്ടുകൊള്ളണം എന്നൊക്കെയാ ണ് കമ്പനി ഇറക്കിയിരിക്കുന്ന ഗൈഡ്ലൈ നിൽ പറയുന്നതെന്നൊക്കെ അദ്ദേഹത്തിനും അറിയാം. പതിനൊന്നര സ്ക്വയർ കിലോമീ റ്ററിൽ 65000 ആളുകൾ താമസിക്കുന്ന സ്ഥല ത്ത് ഇത്തരം പ്ലാന്റ് വരുന്നതിനെ അനുകൂലി ക്കുന്ന താങ്കൾക്ക് അടുത്തതവണ ഇവിടു ത്തുകാരുടെ വോട്ട് വേണ്ടെന്നാണോ എന്ന ചോദ്യത്തിന് ഇതായിരുന്നു മറുപടി. “ഞാൻ ഇനി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കില്ല. പാർട്ടിയിൽ ശ്രദ്ധിക്കാൻ പോവുകയാണ്.”

ഇതിനിടയിൽ ബി.ജെ.പി തിരുവനന്തപുര ത്ത് ഓഫീസ് കെട്ടിടം പണിയാൻ പോകു ന്നെന്നും അതിൽ മുഖ്യമന്ത്രിക്ക് ഇരിക്കാൻ

ഒരു മുറി പണിയുന്നുണ്ടെന്നും കേട്ടു. ഇതെല്ലാം അമിട്ട് ഷാജിയുടെ ബുദ്ധിയാണ്. കുട്ടൂസൻ കുന്തത്തിൽ കയറി യാത്ര ചെയ്യുന്നതു പോലെ നോം പോലീസുകാരുടെ ലാത്തിയിൽ കയറി സഞ്ചരിക്കുകയും നിലവിലെ പ്രതിപക്ഷം കോടികളുടെ കറൻസി എണ്ണി കുഴയുകയും ചെയ്യുന്നതിനിടയിലൂടെ ഭരണത്തിൽ നുഴഞ്ഞുകയറാം എന്നാണ് അവരുടെ ബുദ്ധി. അതൊന്നും നടപ്പാക്കാൻ പോകുന്നില്ല. ശ്രീകൃഷ്ണ ജയന്തിക്ക് ശോഭായാത്ര നടത്താനും പൂമൂടൽ ശീട്ടാക്കാനും നമ്മുടെ അണികൾക്കുമറിയാം. ജാതിയും ജാതകവും നോക്കിത്തന്നെയാണ് നമ്മുടെ അണികൾ വിവാഹം കഴിക്കുന്നത്. ദലിതന്മാരെ കർഷകത്തൊഴിലാളി വിഭാഗം എന്നു പറഞ്ഞ് തീണ്ടാപ്പാടകലെ തന്നെയാണ് ഇപ്പോഴും നിർത്തിയിരിക്കുന്നത്. ആർഷഭാരത മൂല്യങ്ങൾ തെറ്റിച്ച് മത-ജാതി രഹിത ജീവിതം നയിക്കാൻ പാർട്ടി ഇന്നുവരെ ആരെയും നിർബന്ധിച്ചിട്ടില്ല. ശങ്കരാചാര്യ പരമ്പരയിലെ സന്ന്യാസി ശ്രേഷ്ഠൻ കഴിഞ്ഞയാഴ്ച കേരളം സന്ദർശിച്ചപ്പോൾ മന്ത്രിസഭയിലെ കവിശ്രേഷ്ഠൻ സഖാവ് ജി.സു ആണ് മാതള നാരങ്ങയും ആപ്പിളും ഓറഞ്ചും താലത്തിൽ വച്ച് എതിരേറ്റത്. അതുകൊണ്ട് വിരട്ടലൊന്നും ഇങ്ങോട്ട് വേണ്ട.

ഐ.പി.എസ് അക്കാദമിയിൽ ജനാധിപത്യത്തെക്കുറിച്ചുള്ള പേപ്പർ പഠിപ്പിക്കാതെ മാറ്റി വച്ചിരിക്കുകയാണെങ്കിലും വികസനത്തെപ്പറ്റിയുള്ള ക്ലാസുകൾ കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ടെന്ന് വേണം കരുതാൻ. ഡി.ജി.പി, വികസനത്തെപ്പറ്റി പറയുന്നത് കേട്ടപ്പോൾ പോലീസിൽ നിന്നും വിരമിക്കുമ്പോൾ വ്യവസായവകുപ്പ് സെക്രട്ടറിയാക്കിയാലോ എന്ന് തോന്നിപ്പോയി. വികസനത്തിന്റെ എന്ത് പ്രശ്നം വന്നാലും ആർക്കെങ്കിലുമൊക്കെ അത് ഉപദ്രവമുണ്ടാക്കും എന്ന് അദ്ദേഹം പറയുകയുണ്ടായി. ആ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന ആളുകൾക്ക് അത് പരിഹരിക്കപ്പെടുകയാണ് വേണ്ടത്. മൂന്നരക്കോടി ജനങ്ങൾക്ക് ഉപകാരപ്പെടുന്ന പദ്ധതികൾക്ക് ആറായിരമോ ഏഴായിരമോ ആളുകൾ എതിർപ്പുമായി തടയാൻ വരുന്നതുകൊണ്ടാണ് കേരളത്തിലെ റോഡുകൾ നാലുവരിയും ആറുവരിയുമൊന്നും ആകാത്തത് എന്നും അദ്ദേഹം നിരീക്ഷിച്ചു. വിമാനത്താവളം വരുമ്പോൾ സ്ഥലം നഷ്ടപ്പെടുന്നവർ, റോഡ് വികസത്തിന്റെ പേരിൽ കിടപ്പാടം പോകുന്നവർ, ഐ.ഒ.സി പ്ലാന്റ് വരുന്നത് വഴി ജീവൻ അപടത്തിലാകുമെന്ന് ഭയക്കുന്നവർ, അതിരപ്പിള്ളി പദ്ധതി പ്രദേശത്തെ ആദിവാസികൾ എന്നിങ്ങനെയുള്ളവരൊക്കെ പ്രശ്നപരിഹാരത്തിന് ഗവൺമെന്റിനെ നേരിട്ട് സമീപിച്ചാൽ മതി. യതീഷ് ചന്ദ്രനെപ്പോലുള്ള ആളുകളെ വിട്ട് ഗവൺമെന്റ് അത് ഭംഗിയായി പരിഹരിച്ചുകൊടുക്കും. പുതുവൈപ്പ് സമരക്കാരോട് ചന്ദ്രൻ തെറ്റൊന്നും ചെയ്തില്ലെന്നും ഡ്യൂട്ടി ചെയ്യുക മാത്രമാണ് ഉണ്ടായതെന്നും പിരിഞ്ഞുപോകാൻ പത്ത് ദിവസം മാത്രം അവശേഷിക്കുന്ന അവസരത്തിൽ പോലും ഡി.ജി.പി തുറന്നുപറയാൻ ധീരത കാട്ടി. അതാണ് ഡെഡിക്കേഷൻ എന്ന് പറയുന്നത്.

ജീവിക്കാനുള്ള അവകാശത്തിനായി വിവിധ സ്ഥലങ്ങളിൽ സമരം ചെയ്യുന്നവരെ ഇങ്ങനെ നേരിട്ടാൽ മൂന്നരക്കോടിയിൽ എത്ര പേർ ജീവിക്കാനുള്ള യോഗ്യതയോടെ അവശേഷിക്കും? ശുദ്ധവായുവിനും ശുദ്ധജലത്തിനും വേണ്ടി സമരം നടത്തുന്ന കാതിക്കുടത്തും കഞ്ചിക്കോട്ടും മാലിന്യമലയിൽ നിന്നും രക്ഷ ചോദിക്കുന്ന വിളപ്പിൽശാലക്കാരും ലാലൂർക്കാരും കൃഷിഭൂമിയും ജലാശയങ്ങളും നികത്തുന്നതിനെതിരെ സമരം ചെയ്യുന്നവരും ഒക്കെക്കൂടി ചേർന്നാൽ മൂന്നരക്കോടിയുടെ പകുതിയോളം വരും. ക്വാറികൾക്കായുള്ള നൂറ് മീറ്റർ പരിധി അമ്പത് മീറ്ററായി കുറച്ചതോടെ തുറക്കാൻ പോകുന്ന രണ്ടായിരത്തിലധികം ക്വാറികൾ കൂടി പ്രവർത്തനം തുടങ്ങിയാൽ ബാക്കിയുള്ള പകുതി ജനസംഖ്യ ശ്വാസകോശ രോഗങ്ങളിലേക്കും ജലദൗർലഭ്യത്തിലേക്കും നീങ്ങും. എല്ലാ പ്രശ്നങ്ങളും തീർന്ന് ഈ മൂന്നരക്കോടിയിൽ പിന്നെ ബാക്കി ആരാണ് ഉണ്ടാവുക? എന്നാലും അഞ്ചോ ആറോ പേർ അവശേഷിക്കും. നോമും കെട്യോളും തട്ടാനും എന്തായാലും ബാക്കിയാകും. ഓ...അത്രയ്ക്കൊക്കെ മതിയെന്നേ....

ഓ, തിരക്കിനിടയിൽ ഇന്ന് ചിരിക്കാൻ മറന്നു. പാർട്ടി സെക്രട്ടറിയാണെന്നാണ് എപ്പോഴും വിചാരം. മുഖ്യമന്ത്രി കസേരയിലേക്ക് ഇരുപ്പ് മാറ്റിയത് ഇടയ്ക്ക് മറന്നുപോകും. സാരമില്ല, ഒന്നു ചിരിച്ചേക്കാം.

ഹ...ഹ...

മതി. ■

**പശ്ചിമഘട്ട രക്ഷായാത്ര**

2017 ആഗസ്റ്റ് 16 മുതൽ ഒക്ടോബർ 16 വരെ
കാസർഗോഡ് നിന്നും
തിരുവനന്തപുരത്തേക്ക്

**പശ്ചിമഘട്ട സംരക്ഷണ ഏകോപന സമിതി**

*ബന്ധങ്ങൾക്ക്: 9495055581*